(ബി) ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക ആണുള്ളത് ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എറണാകുളത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് 2003 ജൂൺ 10-ാം തീയതിയിലെ കണക്കനുസരിച്ച് എത്രമാസത്തെ കുടിശ്ശിക ഈയിനത്തിൽ നൽകാനുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് 45 രൂപ വീതവും പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് കോഴ്സുകൾ അനുസരിച്ച് 65 രൂപ മുതൽ 80 രൂപവരെയും പോക്കറ്റ്മണിയായി നൽകിവരുന്നു. പോക്കറ്റ്മണി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ കുടിശ്ശികയുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പിൽ ഇപ്പോൾ കുടിശ്ശികയില്ല.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ മൂന്ന് മാസത്തെ കുടിശ്ശികയുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിലെ അന്തേവാസികൾക്ക് 2003 ജൂൺ മാസം 10-ാം തീയതിയിലെ കണക്കനുസരിച്ച് ഫെബ്രുവരി 2003 മുതൽ മേയ് 2003 വരെ നാലുമാസത്തെ പോക്കറ്റ്മണി കുടിശ്ശികയുണ്ടായിരുന്നു. ആയത് ഇപ്പോൾ കൊടുത്തു തീർത്തു കഴിഞ്ഞു.

ആദിവാസികളെപ്പറ്റിയുള്ള പഠനം

146 (2425) ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കോളനികളിൽ താമസിക്കുന്ന ആദിവാസികളെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവരുടെ എണ്ണം പൊതുവേ കുറഞ്ഞുവരുന്നുണ്ടോ എന്നും അവരിൽ വന്ധ്യത കൂടുതലായി കണ്ടുവരുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) അവർ മദ്യപാനത്തിന് അടിമകളാണോ ;

(ഡി) കുഷ്ഠം, ക്ഷയം, അനീമിയ മുതലായ രോഗങ്ങൾ പിടിപ്പെട്ടവരുടെ എണ്ണം ഇവർക്കിടയിൽ താരതമ്യേന കൂടുതലാണോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആദിവാസി കോളനികളിൽ താമസിക്കുന്ന ആദിവാസികളെപ്പറ്റി നേരിട്ട് പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ പ്രാക്തന ഗോത്രവർഗ്ഗക്കാരെ സംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചില കോളനികളിൽ മദ്യപിക്കുന്ന ആദിവാസികളുണ്ട്.

(ഡി) കുഷ്ഠം, ക്ഷയം, അനീമിയ മുതലായ രോഗങ്ങൾ ബാധിച്ചവർ ഉണ്ട്. പൊതുവിഭാഗങ്ങളുമായി താരതമ്യ പഠനം നടത്തിയിട്ടില്ല.

(ഇ) ആദിവാസികൾക്കിടയിൽ രോഗങ്ങൾ ബാധിച്ചവരെ ചികിത്സിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടെക്കൂടെ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങിയിട്ടുള്ള സ്ഥലങ്ങൾ

147 (2426) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കേരളത്തിൽ എവിടെയെല്ലാമാണ് ഭൂമി വാങ്ങിയിട്ടുള്ളതെന്നും എന്തു വിലയ്ക്കാണ് വാങ്ങിയിട്ടുള്ളതെന്നുമുള്ളതിന്റെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമി പട്ടികജാതിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വാങ്ങിയ മുഴുവൻ ഭൂമിയും വാസയോഗ്യമാണോയെന്നും വാസയോഗ്യമാക്കുവാൻ ഇനി സർക്കാർ തുക ചെലവാക്കേണ്ടതുണ്ടോയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഭൂരഹിത പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നല്കുന്ന ഒരു പദ്ധതി നിലവിലുണ്ട്.

(ബി) സർക്കാർ ഭൂമി വാങ്ങി വിതരണം നല്കിയിട്ടില്ല. കേരളത്തിലെ എല്ലാ ജില്ലകളിലും പട്ടികജാതിക്കാർക്കുവേണ്ടി വീട് വയ്ക്കുന്നതിനു ഭൂമി വാങ്ങുന്നതിനും ധനസഹായം നല്കുന്ന ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പിൽ നിലവിലുണ്ട്. ഇതനുസരിച്ച് എല്ലാ ത്രിതല പഞ്ചായത്തുകളിലും വീട് വായ്ക്കുന്നതിനായി ഭൂമി വാങ്ങിവരുന്നു. ഗ്രാമപ്രദേശങ്ങളിൽ 19,500 രൂപ ക്രമത്തിലും നഗരപ്രദേശങ്ങളിൽ 20,000 രൂപ ക്രമത്തിലും കോർപ്പറേഷൻ പ്രദേശത്ത് 25,000 രൂപ നിരക്കിലുമാണ് ഭൂമി വാങ്ങുന്നതിന് അനുവദിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly